## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1312

02..03..2017 -ൽ
മറുപടിയ്ക്ക്

### സാങ്കേതിക സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകൾ തടസ്സപ്പെടാനിടയായ സാഹചര്യം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല നടത്തിയ ബിടെക് പരീക്ഷക.ൾ തടസ്സപ്പെടാനിടയായ സാഹചര്യം വിശദമാക്കുമോ; | (എ) എ..പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പരീക്ഷ അടക്കമുള്ളവയുടെ വിശദാംശങ്ങൾ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് 2016-2017 ലെ ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് പരീക്ഷ ആരംഭിക്കേണ്ടിയിരുന്നത് 2016 ഡിസംബർ 2 നായിരുന്നു. |

| | | |
|---|---|---|
| | | പരീക്ഷകൾക്കിടയിൽ കൂടുതൽ ഇടവേള വേണമെന്നും പരീക്ഷ നടത്തിപ്പ് സുതാര്യമാക്കണമെന്നും ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ സമരം നടത്തുകയും ഇതേ തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷ മാറ്റി വയ്ക്കുകയും ചെയ്തു. തുടർന്ന് 2017 ജനുവരി 13-ന് പരീക്ഷ പുന:ക്രമീകരിക്കുകയും ചെയ്തു. എന്നാൽ ചില പരീക്ഷാ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾ തടസം ഉണ്ടാക്കിയതിനെ തുടർന്ന് പരീക്ഷ വീണ്ടും മാറ്റി വച്ചു. |
| (ബി) | സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള ഏതൊക്കെ കോളേജുകളിലാണ് പരീക്ഷ തടസ്സപ്പെട്ടതെന്നും എത്ര വിദ്യാർത്ഥികൾക്കാണ് പരീക്ഷ എഴുതാൻ കഴിയാതെ വന്നതെന്നും വ്യക്തമാക്കാമോ; | (ബി) പരീക്ഷ തടസപ്പെട്ട കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പരീക്ഷ എഴുതാനാവാതെ വന്നവർക്ക് പരീക്ഷ എഴുതുന്നതിന് എന്ത് പകരം സംവിധാനമാണ് ഒരുക്കിയതെന്ന് വ്യക്തമാക്കുമോ; | (സി) | പരീക്ഷ പുന:ക്രമീകരിച്ചതനുസരിച്ച് ഒന്നാം സെമസ്റ്റർ പരീക്ഷ 2017 ഫെബ്രുവരി 25 ന് നടന്നു. |
| (ഡി) | ഇതുമൂലം യൂണിവേഴ്സിറ്റിക്ക് എത്രമാത്രം അധികബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | പുന:ക്രമീകരിച്ച പരീക്ഷ ഇനിയും നടക്കേണ്ടതായിട്ടുള്ളതിനാൽ, ഇത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ഇ) | പരീക്ഷ മുടക്കിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

## പരീക്ഷ തടസപ്പെട്ട കോളേജുകളുടെ ലിസ്റ്റ്

(1) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

(2) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് , ബാർട്ടൻ ഹിൽ, തിരുവനന്തപുരം.

(3) എൻ.എസ്.എസ്.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാലക്കാട്.

(4) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് , തൃശൂർ.

(5) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് , ശ്രീകൃഷ്ണപുരം, പാലക്കാട്.

(6) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് , കണ്ണൂർ.

(7) ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം.

(8) മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്.

സെക്ഷൻ ഓഫീസർ